"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ) - ശ്രീ. വി.ശിവരാമകൃഷ്ണനെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പ്ലാനിംഗ് ബി) വകുപ്പ്**

സ.ഉ.(കൈ) നം.53/2022/AGRI തീയതി,തിരുവനന്തപുരം, 13-06-2022

---

പരാമർശം:-

1. സ .ഉ (പി) നമ്പർ 159/ 2016 /ധന തീയതി 19 .10 .2016.
2. സ.ഉ(സാധാ) നം.1045/2021/കൃഷി തീയതി 22.12.2021.
3. 04.03.2022 തീയതിയിലെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ VFPCK/HR/06/GoK.Corres/2022/196 നമ്പർ കത്ത്.

**ഉത്തരവ്**

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നതും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) തസ്തികയിൽ നിന്നും 31.05.2022 ന് വിരമിച്ച ശ്രീ വി.ശിവരാമകൃഷ്ണന് ഒരു വർഷത്തേക്ക് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം പരാമർശം ഒന്ന് ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി എം അലി അസ്ഗർ പാഷ ഐ എ എസ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം

**Signed by Nisha T K**
**Date: 13-06-2022 11:30:01**

സെക്ഷൻ ഓഫീസർ

ശ്രീ.വി.ശിവരാമകൃഷ്ണൻ ,TC 49/1512,വൈദരി ,പൂഴിക്കുന്ന്, എസ്റ്റേറ്റ് പി ഒ ,തിരുവനന്തപുരം -695019.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം, കൊച്ചി.
പൊതുഭരണ എസ് .സി വകുപ്പ്( ഇനം നമ്പർ.806 തീയതി 08.06.2022)
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ , വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-06-2022

ഫയൽ നം. 334/പിബി2/2021/കൃഷി. ഇനം നം: 806

വിഷയം : കൃഷി വകുപ്പ് - ശ്രീ. വി. ശിവരാമകൃഷ്ണന് വി.എഫ്.പി.സി.കെ.-യിലെ സി.ഇ.ഒ. ആയി പുനർനിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

9/6/2022
AS

സെക്രട്ടറി, കൃഷി വകുപ്പ്.
9/6/22

# കേരള സർക്കാർ

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 334/പിബി2/2021/കൃഷി |
| 2 | വകുപ്പ് | കൃഷി (പി.ബി) വകുപ്പ് |
| 3 | വിഷയം | ശ്രീ.വി.ശിവരാമകൃഷ്ണന് വി.എഫ്.പി.സി.കെ-യിലെ സി.ഇ.ഒ ആയി പുനർനിയമനം നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06.06.2022 |
| 5 | (i). ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br><br>(ii). സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br><br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, വിജിലൻസ് വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. അനിതകുമാരി കെ ബി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. അലി അസ്ഗർ പാഷ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.06.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.06.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി.പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | 07.06.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07.06.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) തസ്തികയിൽ നിന്നും 31.05.2022 ൽ വിരമിച്ച ശ്രീ. വി.ശിവരാമകൃഷ്ണനെ കൃഷി വകുപ്പിന് കീഴിലുള്ള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർ നിയമനം നൽകുന്ന വിഷയമാണ് ഈ കുറിപ്പിൽ വിവരിക്കുന്നത്.

2) 22.12.2021 തീയതിയിലെ സ.ഉ(സാധാ)നം.1045/2021/കൃഷി സർക്കാർ ഉത്തരവ് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ അഡീഷണൽ ഡയറക്ടറായ (പ്ലാനിങ്) ശ്രീ. വി.ശിവരാമകൃഷ്ണനെ കൃഷി വകുപ്പിന് കീഴിലുള്ള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു.

3) ശ്രീ. വി. ശിവരാമകൃഷ്ണൻ 31.05.2022 ന് കൃഷി വകുപ്പിൽ നിന്നും വിരമിച്ചു. പുനർനിയമന വ്യവസ്ഥയിൽ ശ്രീ. വി. ശിവരാമകൃഷ്ണനെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കുന്നത് സംബന്ധിച്ച വിഷയം വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ 91-ാമത് ബോർഡ് യോഗത്തിൽ സമർപ്പിച്ചിരുന്നു. വി.എഫ്.പി.സി.കെ യുടെ 91-ാമത് ബോർഡ് യോഗത്തിന്റെ തീരുമാനം താഴെ പറയും പ്രകാരമാണ്.

*"വി.എഫ്.പി.സി.കെ യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ. വി. ശിവരാമകൃഷ്ണന്റെ പുനർനിയമനത്തിനുള്ള അപേക്ഷ ബോർഡ് പരിഗണിച്ചു. ശ്രീ. വി. ശിവരാമകൃഷ്ണനെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിന്നും വിരമിക്കുന്ന മുറയ്ക്ക് കൗൺസിലിന്റെ മെമ്മോറാണ്ടം ആന്റ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ മാനദണ്ഡ പ്രകാരം വി.എഫ്.പി.സി.കെ യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമനം നൽകുന്നതിന് സർക്കാരിനോട് ആവശ്യപ്പെടുന്നതിന് ബോർഡ് അനുമതി നൽകി."*

4) വി.എഫ്.പി.സി.കെ യുടെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾ നം. 25 പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ യോഗ്യത താഴെ പറയും പ്രകാരമാണ്.

*"The Chief Executive Officer of the Council shall be professionally qualified in Horticulture/Agriculture/Rural Development, Agricultural Financing with experience in implementation of Developmental Projects. The tenure of appointment of the CEO is five years which is extendable by one more term."*

5) വി.എഫ്.പി.സി.കെ യുടെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാലാവധി 5 വർഷമാണ്. ആവശ്യമെങ്കിൽ ഒരു പ്രാവശ്യം കൂടി ദീർഘിപ്പിക്കുകയും ചെയ്യാം. എന്നാൽ ശ്രീ. വി.ശിവരാമകൃഷ്ണൻ 31.05.2022 ന് സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചു. ശ്രീ. വി.ശിവരാമകൃഷ്ണൻ, കൃഷി അഡീഷണൽ ഡയറക്ടർ (പ്ലാനിംങ്) നെതിരെ അച്ചടക്ക നടപടി/വിജിലൻസ് അന്വേഷണം നിലവിലില്ല എന്ന് കൃഷി ഡയറക്ടറേറ്റിലെ വിജിലൻസ് സെൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് 31.12.2021 ലെ കത്ത് പ്രകാരം കൃഷി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

6) ശ്രീ. വി.ശിവരാമകൃഷ്ണന് പുനർനിയമനം നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*"16.10.2016 ലെ സ.ഉ (പി)45/2016/ആ.സൂ.വ പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ തുടങ്ങിയ നിയമനങ്ങൾ നടത്തുന്ന വേളയിൽ വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുള്ള സാഹചര്യത്തിൽ വിജിലൻസ് അഭിപ്രായം സഹിതം ഫയൽ ലഭ്യമാക്കുവാൻ ഭരണ വകുപ്പിനോടാവശ്യപ്പെടുന്നു."*

7) തുടർന്ന്, ശ്രീ. വി.ശിവരാമകൃഷ്ണന് പുനർനിയമനം നൽകുന്നത് സംബന്ധിച്ച് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*"31.05.2022-ൽ വിരമിക്കുന്ന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ അഡീഷണൽ ഡയറക്ടറായ (പ്ലാനിങ്) ശ്രീ. വി. ശിവരാമകൃഷ്ണനെ വി.എഫ്.പി.സി.കെ യിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്."*

8) ശ്രീ. വി. വി.ശിവരാമകൃഷ്ണന് പുനർനിയമനം നൽകുന്നത് സംബന്ധിച്ച് വിജിലൻസ് ക്ലിയറൻസ് ലഭിക്കുന്നതിനായി വിജിലൻസ് വകുപ്പിലേക്ക് അയച്ചപ്പോൾ ആ വകുപ്പ് താഴെ പറയും അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*"വി.എഫ്.പി.സി.കെ യിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമനം നൽകുന്നതിന് നിയുക്തനായ ശ്രീ. വി. ശിവരാമകൃഷ്ണനെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലില്ല എന്നും കൂടാതെ തനിക്കെതിരെ വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലില്ല എന്ന സത്യപ്രസ്താവന കൂടി ശ്രീ. വി. ശിവരാമകൃഷ്ണനിൽ നിന്നും വാങ്ങി അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്."*

തനിക്കെതിരെ വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലില്ല എന്ന സത്യപ്രസ്താവന ശ്രീ. വി. ശിവരാമകൃഷ്ണൻ സമർപ്പിച്ചിട്ടുണ്ട്.

9) വിജിലൻസ് വകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ ധനകാര്യ വകുപ്പിലേക്ക് പുനഃ സമർപ്പിച്ചപ്പോൾ ആ വകുപ്പ് ചുവടെ പറയും വിധം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

"കേന്ദ്ര സംസ്ഥാന സർവ്വീസിൽ നിന്നോ കെ.എസ്.ആർ ഭാഗം III ചട്ടം 20 ൽ സൂചിപ്പിക്കുന്ന ലോക്കൽ ഫണ്ട് സ്ഥാപങ്ങളിൽ നിന്നോ അട്ടത്തുൺപ്പറ്റി പിരിഞ്ഞവരെ സർക്കാറിന്റെ ജനറൽ ഫണ്ടിൽ നിന്നോ /ലോക്കൽഫണ്ടിൽ നിന്നോ വേതനം നൽകി നിയമിക്കേണ്ടി വരുമ്പോൾ കെ.എസ്.ആർ ഭാഗം III റൂൾ 100 പ്രകാരമുള്ള പുനർനിയമന വേതന വ്യവസ്ഥയാണ് ബാധകം. കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് രണ്ടാം ഷെഡ്യൂളിൽ പ്രതിപാദിക്കുന്ന വിഷയങ്ങളിന്മേൽ മന്ത്രിസഭാ യോഗത്തിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത ചട്ടം ഇനം 45-ൽ സർക്കാർ ജീവനക്കാരുടെ പുനർനിയമനം ഉൾപ്പെടുന്നു. കൂടാതെ ചീഫ് സെക്രട്ടറിയുടെ 14/10/2020 ലെ 530/SC1/2020/GA(SC) നമ്പർ സർക്കുലറിൽ ടി വിഷയത്തിൽ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ടി സർക്കുലറിനോട് അനുബന്ധിച്ച ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 30/10/2020-ലെ 64/2020/ധന നമ്പർ സർക്കുലറിൽ വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കി ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച മാത്രമേ പുനർ നിയമനം സംബന്ധിച്ച പ്രൊപ്പോസലുകൾ മന്ത്രി സഭ യോഗത്തിന്റെ പരിഗണനക്ക് നല്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നു .

വി.എഫ്.പി.സി.കെ യുടെ 91-മത് ബോർഡ് യോഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ശ്രീ.വി.ശിവരാമകൃഷ്ണന്റെ പുനർനിയമനം സംബന്ധിച്ച പ്രൊപോസൽ സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്നത്. ടിയാനെതിരെ അച്ചടക്ക നടപടി/വിജിലൻസ് അന്വേഷണം നിലവിലില്ല എന്ന് വിജിലൻസ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ വി.ശിവരാമകൃഷ്ണന്റെ സേവനം വി.എഫ്.പി.സി.കെ-യിൽ അത്യന്താപേക്ഷിതമാണ് എന്ന് വകുപ്പ് തീരുമാനിക്കുന്ന പക്ഷം ബഹു. മന്ത്രിസഭയുടെ അനുമതിയോടെ വി.ശിവരാമകൃഷ്ണന് ഒരു വർഷ കാലയളവിലേക്ക് വി.എഫ്.പി.സി.കെ യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമനം നൽകാവുന്നതാണ്. ടിയാന്റെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 (modified vide G O(P) No.59/2016/Fin dated 19.10.2016) പ്രകാരം ചുവടെ ചേർക്കുന്ന രീതിയിൽ കണക്കാക്കാവുന്നതാണ്. പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി.

പുനർനിയമന വേതനം = അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളം - അടിസ്ഥാന പെൻഷൻ

കൂടാതെ ചുവടെ ചേർത്തിരിക്കുന്ന ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

- ടിയാൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന് പുനർനിയമനം ലഭിക്കുന്ന

സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ HRA അനുവദിക്കാവുന്നതാണ്.

- മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി പുനർനിയമന വേതനത്തിന് ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.
- പെൻഷനു ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.
- വാർഷിക ഇൻക്രിമെന്റിനു അർഹതയുണ്ട്. എന്നാൽ Stagnation ഇൻക്രിമെന്റിനും മറ്റൊരു ആനുകൂല്യങ്ങൾക്കും അർഹതയില്ല.

ഇതിന് ബഹു. ധന മന്ത്രിയുടെ അംഗീകാരമുണ്ട്

10) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ അഡീഷണൽ ഡയറക്ടർ (പ്ലാനിങ്) തസ്തികയിൽ നിന്നും 31.05.2022 ന് വിരമിച്ച ശ്രീ .വി.ശിവരാമകൃഷ്ണന് ഒരു വർഷ കാലയളവിലേക്ക് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമനം നൽകുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ആയത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക എന്ന് ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ അഡീഷണൽ ഡയറക്ടർ (പ്ലാനിങ്) തസ്തികയിൽ നിന്നും 31.05.2022 ന് വിരമിച്ച വി.ശിവരാമകൃഷ്ണന് ഒരു വർഷ കാലയളവിലേക്ക് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം പുനർനിയമനം നൽകി ധനവകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഉത്തരവ് പുറപ്പെടുവിക്കാമോ?